## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3982** **21.06.2019-ൽ മറുപടിക്ക്**

## സഹകരണസംഘങ്ങളുടെ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും 2019 മാർച്ച് 31 അടിസ്ഥാനമാക്കി ഓരോ സർക്കിളുകളിലുമുള്ള സംഘങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ യെന്നും ഉണ്ടെങ്കിൽ സംഘങ്ങളുടെ വിലാസം, ഫോൺ നമ്പർ, ക്ലാസിഫിക്കേഷൻ, പ്രവർത്തിക്കുന്നതിനെക്കുറിച്ചുള്ള പരാമർശം എന്നിവ സഹിതമുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | 2019 മാർച്ച് 31 അടിസ്ഥാനമാക്കി ഓരോ സർക്കിളുകളിലുമുള്ള സംഘങ്ങളുടെ കണക്കെടുപ്പ് ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയായിട്ടില്ല. സംസ്ഥാനത്ത് 2018 മാർച്ച് 31 ലെ കണക്ക് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 15,624 സഹകരണ സംഘങ്ങളിൽ 11,892 സംഘങ്ങൾ പ്രവർത്തിക്കുന്നവയും 3,098 സംഘങ്ങൾ പ്രവർത്തനരഹിതവും 634 സംഘങ്ങൾ ലിക്വിഡേഷനിലുമാണ്. സഹകരണ സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം വർഷം തോറും സഹകരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് വരുന്നു. 2018 മാർച്ച് 31 വരെയുള്ള വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ വിഭാഗങ്ങളിലാണെന്നും സഹകരണസംഘങ്ങളിൽ നിന്ന് സർക്കാർ എത്ര രൂപ നിക്ഷേപമായും വായ്പയായും വാങ്ങിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 665 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സഹകരണ സംഘങ്ങളുടെ വിഭാഗങ്ങൾ | എണ്ണം |
|---|---|---|
| 1. | അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ | 16 |
| 2. | പ്രൈമറി കൺസ്യൂമർ സഹകരണ സംഘങ്ങൾ | 2 |
| 3. | പലവക സഹകരണ സംഘങ്ങൾ | 203 |

| | | | | | |
|---|---|---|---|---|---|
| | | | 4. | പ്രാഥമിക ആശുപത്രി സഹകരണ സംഘങ്ങൾ | 10 |
| | | | 5. | ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ | 67 |
| | | | 6. | വനിതാ സഹകരണ സംഘങ്ങൾ | 99 |
| | | | 7. | എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾ | 4 |
| | | | 8. | ടൂറിസം സഹകരണ സംഘങ്ങൾ | 24 |
| | | | 9. | മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ | 2 |
| | | | 10. | എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ | 22 |
| | | | 11 | സാമൂഹിക ക്ഷേമ സഹകരണ സംഘങ്ങൾ | 170 |
| | | | 12 | ഹൗസിംഗ് സഹകരണ സംഘങ്ങൾ | 2 |
| | | | 13 | സ്കൂൾ സഹകരണ സംഘങ്ങൾ | 3 |
| | | | 14 | മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ | 2 |
| | | | 15 | അർബൻ സൊസൈറ്റി സഹകരണ സംഘങ്ങൾ | 2 |
| | | | 16 | റൂറൽ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ | 10 |
| | | | 17 | റൂറൽ ബാങ്ക് സഹകരണ സംഘങ്ങൾ | 5 |
| | | | 18 | മൾട്ടിപർപ്പസ് സഹകരണ സംഘങ്ങൾ | 6 |
| | | | 19 | വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ | 5 |
| | | | 20 | പ്രൈമറി മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ | 5 |
| | | | 21 | ഹൗസ് ബിൽഡിംഗ് സഹകരണ സംഘങ്ങൾ | 1 |

| | | | |
|---|---|---|---|
| | | | 22 സർവ്വീസ് സഹകരണ ബാങ്ക് 2<br>23 പ്രൊഡ്യൂസേഴ്സ് സഹകരണ സംഘങ്ങൾ 2<br>24 പ്രൈമറി അഗ്രികൾച്ചറൽ പ്രൊസസിംഗ് സഹകരണ സംഘങ്ങൾ 1<br>**ആകെ** 665<br><br>സഹകരണ സംഘങ്ങളിൽ നിന്ന് സർക്കാരിന് നിക്ഷേപമായി 260.58 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 81.85 കോടി രൂപ ജീവനക്കാരുടെ സഹകരണ സംഘങ്ങളിൽ നിന്നുള്ള നിക്ഷേപമാണ്. സഹകരണ സംഘങ്ങളിൽ നിന്ന് കെ.എസ്.ആർ.ടി.സി പെൻഷൻ കൺസോർഷ്യത്തിനായി 1176.57 കോടി രൂപയും സാമൂഹ്യ സുരക്ഷ പെൻഷൻ കൺസോർഷ്യത്തിനായി 4,407.78 കോടി രൂപയും സർക്കാർ വായ്പയായി വാങ്ങിയിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി പെൻഷൻ ആയി വാങ്ങിയ വായ്പയിൽ 744.89 കോടി രൂപ മടക്കി നൽകിയിട്ടുണ്ട്. |
| (സി) | ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിന് രൂപവത്കരിച്ച കമ്പനിയിൽ എത്ര സഹകരണ സംഘങ്ങൾ നിക്ഷേപിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (സി) | ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിന് രൂപവത്കരിച്ച കമ്പനിയിൽ സംഘങ്ങൾ ഒന്നും തന്നെ തുക നിക്ഷേപിച്ചിട്ടില്ല. ടി ആവശ്യത്തിനായി സംസ്ഥാന സഹകരണ ബാങ്കിൽ രൂപീകരിച്ച കൺസോർഷ്യം ഫണ്ട് അക്കൗണ്ടിലേയ്ക്കാണ് സംഘങ്ങൾ തുക നിക്ഷേപിച്ചിട്ടുള്ളത്. ടി അക്കൗണ്ടിലേയ്ക്ക് ഒന്നാം ഘട്ടത്തിൽ 506 സംഘങ്ങളും രണ്ടാം ഘട്ടത്തിൽ 1,153 സംഘങ്ങളും വായ്പയായി തുക നൽകിയിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം നിക്ഷേപിച്ച തുക അതിന്റെ കാലാവധി പലിശ എന്നിവയുടെ വിശദാംശവും സംഘങ്ങൾക്ക് തിരികെ ലഭിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കുമോ; | (ഡി) | 2018 സാമ്പത്തിക വർഷത്തിൽ ഓണത്തിനോടനുബന്ധിച്ചുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനുവേണ്ടി സർക്കാർ സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും 506 സംഘങ്ങളിൽ നിന്നായി ആകെ 1,773.30 കോടി രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രതിമാസം 9.5% പലിശനിരക്കിൽ 14 മാസകാലാവധിയിലാണ് ഇപ്രകാരം ധനസമാഹരണം നടത്തിയിട്ടുള്ളത്. 2019 ഒക്ടോബർ 15-നാണ് കൺസോർഷ്യം കാലാവധി പൂർത്തിയാകുന്നത്. സംഘങ്ങൾക്ക് എല്ലാ മാസവും കൃത്യമായി പലിശ നൽകി വരുന്നുണ്ട്. 2019 മേയ് മാസം വരെ 9 മാസത്തെ പലിശയായി ആകെ 128,24,97,382/- (നൂറ്റി ഇരുപത്തിയെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി മുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.<br>2019 വിഷുവിനോടനുബന്ധിച്ചുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനുവേണ്ടി സർക്കാർ രൂപീകരിച്ച സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിലേയ്ക്ക് 1153 സംഘങ്ങൾ പ്രതിമാസം 9.5% പലിശ നിരക്കിൽ 14 മാസകാലാവധിയ്ക്ക് ആകെ 2,634.48 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. ഒരു മാസത്തെ പലിശയായി 20,85,23,426/- (ഇരുപത് കോടി എൺപത്തി അഞ്ച് ലക്ഷത്തി ഇരുപത്തി മൂവായിരത്തി നാനൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) രൂപ ഇതിനകം സംഘങ്ങൾക്ക് പലിശ നൽകിയിട്ടുണ്ട്. ഒന്നാംഘട്ട വിതരണത്തിനായി ആഗസ്റ്റ് 2018-ൽ സ്വരൂപിച്ച വായ്പാതുകയുടെ കാലാവധി അവസാനിക്കുന്നത് ഒക്ടോബർ 2019 ലും ഏപ്രിൽ 2019-ലെ സ്വരൂപിച്ച വായ്പയുടെ കാലാവധി അവസാനിക്കുന്നത് 2020 ജൂൺ മാസത്തിലുമായതിനാൽ മുതൽ സംഖ്യ ഒരു സംഘങ്ങൾക്കും തിരിച്ച് നൽകിയിട്ടില്ല. |
| (ഇ) | സഹകരണസംഘങ്ങളിൽ നിന്നും കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിനായി എത്ര തുക നൽകിട്ടുണ്ടെന്നും ഇത്തരം നിക്ഷേപം/വായ്പയുടെ കാലാവധി എത്രയെന്നും ഇതിന്റെ പലിശ എത്രയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | (ഇ) | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പെൻഷൻ വിതരണത്തിൽ **2018** ഫെബ്രുവരി മാസം വരെ ഉണ്ടായിരുന്ന കുടിശ്ശികയും **2019** ജൂൺ വരെയുള്ള പെൻഷൻ വിതരണവും സഹകരണ വകുപ്പ് മുഖേന സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് വിതരണം നടത്തിയിട്ടുണ്ട്. പെൻഷൻ |

| | | | |
|---|---|---|---|
| | | | വിതരണം നടത്തുന്നതിലേക്കായി നാളിതു വരെ **11,76,57,18,000/-** രൂപ **(**ആയിരത്തി ഒരുനൂറ്റി എഴുപത്തിയാറു കോടി അൻപത്തിയേഴ് ലക്ഷത്തി പതിനെട്ടായിരം രൂപ**)** കൺസോർഷ്യത്തിലേക്ക് കളക്റ്റ് ചെയ്തിട്ടുണ്ട്. **6** മാസ കാലയളവിലേക്കാണ് തുക നിക്ഷേപം നടത്തുന്നത്. **6** മാസം പൂർത്തിയാകുന്ന മുറയ്ക്ക് **10%** പലിശ സഹിതം സർക്കാർ തുക അനുവദിയ്ക്കുന്ന മുറയ്ക്ക് സംഘങ്ങൾക്ക് തിരികെ നൽകി വരുന്നു. |
| (എഫ്) | മാർച്ചിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സഹകരണസംഘങ്ങളോട് ട്രഷറികളിൽ നിക്ഷേപം നടത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിരുന്നോ; ഇപ്രകാരം നിക്ഷേപിച്ച സംഘങ്ങളുടെ വിശദാംശവും നിക്ഷേപ തുകയും കാലാവധിയും പലിശയും അറിയിക്കുമോ? | (എഫ്) | മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി ട്രഷറിയിലെ ജിവനക്കാരുടെ പി.എഫ്., പൊതുമരാമത്ത് പ്രവർത്തികളുടെ ഭാഗമായുള്ള നിക്ഷേപങ്ങൾ അടക്കമുള്ള പബ്ലിക്ക് അക്കൗണ്ടിലെ വരവുകൾ വായ്പയായി കണക്കിലെടുത്ത് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ കുറവ് വരുത്തിയതിനാൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ട്രഷറി നിക്ഷേപം സ്വരൂപിക്കു ന്നതിനായി മൂന്ന് മാസം മുതൽ ഒരു വർഷം വരെയുള്ള കാലയളവിലേയ്ക്ക് നിക്ഷേപി ക്കുന്നതിനും, 9.2 ശതമാനം നിരക്കിൽ പലിശ നൽകുന്നതിനുമുള്ള തീരുമാന പ്രകാരം അത്യാവശ്യമാണെങ്കിൽ അത്തരം നിക്ഷേപങ്ങൾ ഏപ്രിൽ മൂന്നാം വാരം തിരികെ നൽകുന്നതാണെന്ന വ്യവസ്ഥ യിൽ, ട്രഷറി നിക്ഷേപം നടത്തുന്നതിന് 2019 മാർച്ച് മാസത്തിൽ എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എംപ്ലോയീസ് സഹകരണ സംഘങ്ങൾ ട്രഷറിയിൽ നടത്തിയ നിക്ഷേപങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ട്രഷറി നിക്ഷേപം നടത്തിയ എംപ്ലോയീസ് സഹകരണ സംഘങ്ങളുടെ പേര് വിവരം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | സംഘങ്ങളുടെ പേര് | നിക്ഷേപിച്ച തുക | കാലാവധി | പലിശ നിരക്ക് |
| 1 | കേരള യൂണിവേഴ്സിറ്റി എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ-റ്റി.233 | 4,00,00,000 | 14 മാസം | 9.2 |
| 2 | ഹെൽത്ത് സർവ്വീസ് സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നമ്പർ-റ്റി.430 | 5,00,00,000 | 14 മാസം | 9.2 |
| 3 | തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ-റ്റി. 764 | 1,00,00,000 | 14 മാസം | 9.2 |
| 4 | ഇടുക്കി ജില്ലാ പോലീസ് സഹകരണ സംഘം | 5,00,00,000 | 6 മാസം | 9.2 |
| 5 | ബി.എസ്.എൻ.എൽ. എംപ്ലോയീസ് സഹകരണ സംഘം | 50,00,000 | 6 മാസം | 8 |
| 6 | പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സ് സഹകരണ സംഘം | 2,00,00,000 | 3 മാസം | 9.2 |
| 7 | പാലക്കാട് ജില്ലാ പോലീസ് ഡിപ്പാർട്ട്മെന്റ് എംപ്ലോയീസ് സഹകരണ സംഘം | 5,00,00,000 | 6 മാസം | 9.2 |
| 8 | പാലക്കാട് താലൂക്ക് ഗവൺമെന്റ് എംപ്ലോയിസ് സഹകരണ സംഘം | 1,00,00,000 | 1 വർഷം | 9.2 |
| 9 | പാലക്കാട് ജില്ലാ പോസ്റ്റൽ, ടെലികോം ആന്റ് ബി.എസ്.എൻ. എൽ എംപ്ലോയീസ് സഹകരണ സംഘം | 50,00,000 | 6 മാസം | 9.2 |
| 10 | എറണാകുളം ജില്ലാ പോലീസ് ക്രെഡിറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ . 877 | 25,00,00,000 | 3 മാസം മുതൽ 1 വർഷം വരെ | 9.2 |
| 11 | പുത്തൻകുരിശ് ഗവൺമെന്റ് സർവ്വന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ . 153 | 10,00,000 | 6 മാസം | 9.2 |

| | | | | |
|---|---|---|---|---|
| 12 | ചാവക്കാട് താലൂക്ക് ഗവൺമെന്റ് സെർവ്വന്റ്സ് സഹകരണ സംഘം | 25,00,000 | 1 വർഷം | 9.2 |
| 13 | ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് സഹകരണ സംഘം | 25,00,000 | 1 വർഷം | 9.2 |
| 14 | മാവേലിക്കര ഗവ.സർവ്വന്റ്സ് സഹ.സംഘം ക്ലിപ്തം എ 792 | 1,00,00,000 | 1 വർഷം | 9.2 |
| 15 | ആലപ്പുഴ ജില്ലാ പോലീസ് എംപ്ലോയീസ് സഹ.സംഘം ക്ലിപ്തം എ 946 | 1,50,00,000 | 1 വർഷം | 9.2 |
| 16 | ആലപ്പുഴ ജില്ലാ ട്രാവൻകൂർ ദേവസ്വം ബോർഡ് എംപ്ലോയീസ് സഹ.സംഘം ക്ലിപ്തം എ 297 | 5,00,000 | 23 മാസം | 9.2 |
| 17 | ഹരിപ്പാട് ഗവ.സെർവ്വന്റ്സ് സഹ.ബാങ്ക് ക്ലിപ്തം എ 284 | 10,00,000 | 1 വർഷം | 9.2 |
| 18 | ചേർത്തല ഗവ. സർവ്വന്റ്സ് സഹ.ബാങ്ക് ക്ലിപ്തം 235 | 15,00,00,000 | 3 മാസം മുതൽ 1 വർഷം വരെ | 9.2 |
| 19 | ആലപ്പുഴ ഇലക്ട്രിസിറ്റി എംപ്ലോയീസ് സഹ.സംഘം ക്ലിപ്തം എ 769 | 2,00,00,000 | 1 വർഷം | 9.2 |
| 20 | അമ്പലപ്പുഴ താലൂക്ക് എയിഡഡ് സെക്കന്ററി സ്കൂൾ എംപ്ലോയീസ് സഹ.സംഘം ക്ലിപ്തം നമ്പർ എ 338 | 25,00,000 | 3 മാസം | 9.2 |
| 21 | അമ്പലപ്പുഴ താലൂക്ക് എയിഡഡ് പ്രൈമറി സ്കൂൾ എംപ്ലോയീസ് സഹ.സംഘം ക്ലിപ്തം നമ്പർ എ 313 | 50,00,000 | എസ്.ബി | 4 |
| 22 | കാർത്തികപ്പള്ളി താലൂക്ക് എയിഡഡ് പ്രൈമറി സ്കൂൾ ടീച്ചേഴ്സ് സഹ. ബാങ്ക് ക്ലിപ്തം നമ്പർ എ 278 | 5,00,000 | 1 വർഷം | 9.2 |
| 23 | ആലപ്പുഴ ഗവ.സെർവ്വന്റ്സ് സഹ.ബാങ്ക് ക്ലിപ്തം നമ്പർ എ 208 | 5,00,00,000 | 3 മാസം | 9.2 |
| 24 | പോസ്റ്റൽ & ബി എസ് എൻ എൽ എംപ്ലോയീസ് സഹ.സംഘം ക്ലിപ്തം എ 211 | 10,00,000 | എസ്.ബി | 4 |
| 25 | ഹരിപ്പാട് എയിഡഡ് സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് സഹ.സംഘം ക്ലിപ്തം നമ്പർ എ 280 | 5,00,000 | 1 വർഷം | 9.2 |
| 26 | മാവേലിക്കര എഡ്യുക്കേഷണൽ ഡിസ്ട്രിക്ട് ഗവ.സ്കൂൾ ടീച്ചേഴ്സ് സഹ.സംഘം ക്ലിപ്തം എ 983 | 5,00,000 | 1 വർഷം | 9.2 |

| | | | | |
|---|---|---|---|---|
| 27 | മാവേലിക്കര ഇലക്ട്രിസിറ്റി എംപ്ലോയീസ് സഹ.സംഘം ക്ലിപ്തം നമ്പർ എ 646 | 10,00,000 | 1 വർഷം | 9.2 |
| 28 | മാവേലിക്കര എയിഡഡ് സ്കൂൾ എംപ്ലോയീസ് സഹ.സംഘം ക്ലിപ്തം നമ്പർ എ 288 | 5,00,000 | 1 വർഷം | 9.2 |
| 29 | കായംകുളം ഗവ.സെർവ്വന്റ്സ് സഹ.ബാങ്ക് ക്ലിപ്തം നമ്പർ എ 245 | 2,00,00,000 | 1 വർഷം | 9.2 |
| 30 | കൊല്ലം ജില്ലാ പോലീസ് ഡിപ്പാർട്ട്മെന്റ് എംപ്ലോയീസ് സഹ.സംഘം Q 1179 | 2,00,00,000 | 1 വർഷം | 8 |
| 31 | കെ എസ് ഇ ബി എംപ്ലോയീസ് സഹ.സംഘം Ltd No Q 232 | 1,00,00,000 | 1 വർഷം | 8.5 |
| 32 | കൊട്ടാരക്കര താലൂക്ക് ഗവ.സെർവ്വന്റ്സ് സഹ.ബാങ്ക് ക്ലിപ്തം നമ്പർ എ 452 | 1,00,00,000 | 1 വർഷം | ട്രഷറിയിൽ നിന്ന് രേഖപ്പെടുത്തി നൽകിയിട്ടില്ല |
| 33 | ദേവസ്വം ബോർഡ് കോളേജ് സ്റ്റാഫ് സഹ.സംഘം Ltd no Q 809 | 25,00,000 | 2 വർഷം | 9 |
| 34 | കരുനാഗപ്പള്ളി ഗവ.എംപ്ലോയിസ് സഹ.സംഘം Ltd NO Q 957 | 10,00,000 | 1 വർഷം | 8 |
| 35 | കൊല്ലം ജില്ലാ തിരുവിതാംകൂർ ദേവസ്വം ബോർഡ് എംപ്ലോയീസ് സഹ.സംഘം Ltd No 4427 | 10,00,000 | 1 വർഷം | 8 |
| | | **81,85,00,000** | | |

സെക്ഷൻ ഓഫീസർ